**അടിയന്തര പ്രമേയം**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

മി. സ്പീക്കർ: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നടപടികളിൽ ജനങ്ങളാകെ ആശങ്കയിലായിരിക്കുകയും സെക്രട്ടേറിയറ്റിന്റെ മുന്നിൽ വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരംമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി. ജമീല പ്രകാശം, സർവ്വശ്രീ. വി. ശിവൻകുട്ടി, വി.എസ്. സുനിൽകുമാർ, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ, കെ. ബാബു): സർ, വിഴിഞ്ഞം അന്താരാഷ്ട്ര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നടപടികൾ ജനങ്ങളെയാകെ ആശങ്കയിലാഴ്ത്തിയിരിക്കുന്നു എന്നാണ് അടിയന്തരപ്രമേയത്തിന്റെ നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. സമരം അഞ്ച് ദിവസം പിന്നിട്ടിരിക്കുന്നതിനാൽ വിഴിഞ്ഞം പ്രദേശത്തും ജില്ലയിലാകെയും ജനങ്ങളാകെ ആശങ്കയിലും പ്രക്ഷുബ്ധവുമായിരിക്കുന്ന അത്യന്തം ഗുരുതരമായ സാഹചര്യമാണെന്നാണ് പറയുന്നത്. അങ്ങനെയൊരു ആശങ്കയുണ്ടാകേണ്ട തരത്തിലുള്ള യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നിരാഹാര സമരം എന്തോ ഒരു

തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് ഞാൻ ഊഹിക്കുകയാണ്. ഈ നോട്ടീസ് തന്ന എം.എൽ.എ ഉൾപ്പെടെയുള്ളവർ ഇടപെട്ട് ആ നിരാഹാര സമരം പിൻവലിപ്പിച്ചുകൊണ്ട് അവരുടെ ജീവൻ രക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സമരം തുടങ്ങി അഞ്ച് ദിവസമായതുകൊണ്ട് അവരുടെ ജീവൻ അപകടത്തിലാണ്. അതുമാത്രമല്ല ജനങ്ങൾക്ക് ഇതിൽ യാതൊരു ആശങ്കയുമുള്ളതായി കാണുന്നില്ല. തിരുവനന്തപുരത്ത് ഇതിന്റെ പേരിൽ പ്രക്ഷുബ്ധാവസ്ഥയുള്ളതായി ഒരു മാധ്യമങ്ങളിൽ കൂടിയും ഇതു വരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ ശരിയായ ദിശാബോധത്തോടു കൂടി ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. അത് ഇപ്പോൾ ടെണ്ടർഘട്ടത്തിലാണ്. ആ ഘട്ടത്തിൽ ഇത്തരത്തിലുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നതുപോലും പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഗുണകരമാകില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. വി. ശിവൻകുട്ടി ഇതിനേക്കാൾ വലിയൊരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്, നായ പ്രശ്നം. അതിൽ ജനങ്ങൾക്ക് കുറച്ചുകൂടി ആശങ്കയുണ്ട്. ഇത് അങ്ങനെയൊരു ആശങ്കയുള്ള പ്രശ്നമായി എനിക്ക് തോന്നിയിട്ടില്ല. മറ്റൊരു കാര്യം പറഞ്ഞത് ചർച്ചയ്ക്ക് വിളിക്കാമെന്ന് പറഞ്ഞിട്ട് മുഖ്യമന്ത്രി വിളിച്ചില്ല എന്നാണ്. മുഖ്യമന്ത്രിക്ക് നിവേദനം കൊടുക്കുമ്പോൾ സ്വാഭാവികമായും മുഖ്യമന്ത്രി സംസാരിക്കാമെന്ന് പറയും. ആ കാര്യത്തിൽ ഒരു തടസ്സവുമില്ല, ചർച്ച ചെയ്യാൻ തയ്യാറാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട എം. എൽ.എ ഉൾപ്പെടെയുള്ളവരുടെ എല്ലാ സ്വാധീനവും ഉപയോഗിച്ച് അവരെ ഈ സമരത്തിൽ നിന്ന് പിൻവലിപ്പിക്കണമെന്നാണ് വളരെ വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി. ജമീല പ്രകാശം: സർ, ഇവിടെ പറയാൻ കരുതിയിരുന്ന കാര്യങ്ങൾ പറയുന്നതിന് മുമ്പ് മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. നമ്മുടെ സഹജരായ, ഈ നാട്ടിലെ പൗരൻമാരായ കുറച്ചുപേർ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്നു എന്ന് പറയുമ്പോൾ അടിയന്തര പ്രമേയത്തിന് മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രി, തെരുവുനായ്ക്കൾ യാതൊരു വിവേചനവുമില്ലാതെ, വിവരവുമില്ലാതെ മനുഷ്യരെ കടിച്ചുകീറുന്ന അവസ്ഥ ഇവർ നിരാഹാര സമരമനുഷ്ഠിച്ച് മരിക്കാൻ കിടക്കുന്നതിനേക്കാൾ ഗുരുതരമാണ് എന്ന് പറയുന്നതിൽ എനിക്കുള്ള പ്രതിഷേധം ഞാനാദ്യമായി രേഖപ്പെടുത്തുകയാണ്. അങ്ങനെയല്ല അതിനെ കാണേണ്ടത്. അങ്ങനെയാണെങ്കിൽ ഗാന്ധിജി നിരാഹാരമനുഷ്ഠിച്ചപ്പോൾ ബ്രിട്ടീഷുകാരന് അത് പറയാമായിരുന്നു, കടിക്കാൻ വരുന്ന പട്ടിയുടെ വിലപോലും ഇല്ല എന്ന്. ഞാൻ പറയാൻ വന്ന കാര്യങ്ങൾ പറയുകയാണ്. മഹാത്മാഗാന്ധിയുടെ അറുപത്തിയേഴാം രക്തസാക്ഷിത്വ ദിനമായ 2014 ജനുവരി 30–ാം തീയതി മുതൽ വിഴിഞ്ഞം മദർപോർട്ട് ആക്ഷൻ കൗൺസിൽ, വീമാക്ക് എന്നറിയപ്പെടുന്ന സംഘടനയുടെ പ്രതിനിധികൾ സെക്രട്ടേറിയറ്റ് പടിയ്ക്കൽ അനിശ്ചിതകാല നിരാഹാര സമരം നടത്തിവരികയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള ചില നടപടികളെക്കുറിച്ചുള്ള ആശങ്ക 26–12–2013–ൽ വിഴിഞ്ഞം മദർപോർട്ട് ആക്ഷൻ കൗൺസിൽ പ്രതിനിധികൾ മുഖ്യമന്ത്രിയെ നേരിൽ കണ്ട് അറിയിച്ചിരുന്നു. തുറമുഖവകുപ്പ് മന്ത്രിയേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും തന്റെ സാന്നിദ്ധ്യത്തിൽ ചർച്ചയ്ക്ക് വിളിക്കാമെന്ന് മുഖ്യമന്ത്രി പറയുകയും ആ ചർച്ചയിൽ ആക്ഷൻ കൗൺസിലിന്റെ പ്രതിനിധികൾ പങ്കെടുക്കണമെന്ന്

നിർദ്ദേശിക്കുകയും ചെയ്തു. 30–12–2013–ൽ യോഗം നടത്താമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചത്. എന്നാൽ നാളിതുവരെ അത്തരത്തിലൊരു യോഗം നടക്കാത്ത സാഹചര്യത്തിലാണ് ഒരു മാസത്തിലധികമുള്ള കാത്തിരിപ്പിനു ശേഷം വീമാക്കിന്റെ പ്രതിനിധികൾ 2014 ജനുവരി 30–ാം തീയതി അനിശ്ചിതകാല നിരാഹാര സമരമാരംഭിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് പ്രശ്നം സഭ നിർത്തി വച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെടാൻ ഞാൻ നിർബന്ധിതയാകുന്നത്. വീമാക്കിനെ പ്രതിനിധാനം ചെയ്യുന്നവർ 2001–2006 കാലയളവിൽ വിഴിഞ്ഞം തുറമുഖപദ്ധതി നടപ്പിൽ വരുത്തുന്നതിന് അനുകൂലമായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി വലിയ പങ്ക് വഹിച്ചിട്ടുള്ളവരാണ്. ജനപക്ഷം എന്നായിരുന്നു അന്നവരുടെ കൂട്ടായ്മ അറിയപ്പെട്ടിരുന്നത്. വിഴിഞ്ഞം ആഴക്കടൽ തുറമുഖത്തിന്റെ നിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും എല്ലാ ഘട്ടങ്ങളിലും ക്രിയാത്മകമായ താൽപര്യമെടുത്തിരുന്നവരുടെ ഒരു കൂട്ടായ്മയാണ് ഇപ്പോൾ വീമാക്കെന്ന പേരിൽ തുടർന്നും പ്രവർത്തിച്ചുവരുന്നത്. വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച് സ്വീകരിക്കപ്പെട്ട പല നടപടികളും നിയമക്കുരുക്കുകളിലും സാങ്കേതികത്വങ്ങളിലുംപെട്ട് കാലതാമസം നേരിടുന്നുവെന്ന് കണ്ടപ്പോഴാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ വേണ്ടി എൽ.ഡി.എഫ് സർക്കാരിന്റെ ഭരണകാലത്ത് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നുള്ള രീതിയിൽ വിസിൽ എന്നറിയപ്പെടുന്ന വിഴിഞ്ഞം ഇൻർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന പൊതുമേഖല സ്ഥാപനത്തിന് സംസ്ഥാന സർക്കാർ രൂപം കൊടുത്തത്. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ ലാന്റ്ലോർഡ് മാതൃകയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ

തീരുമാനിക്കുകയും ചെയ്തു. തുറമുഖനിർമ്മാണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലാണ് ആദ്യം ശ്രദ്ധ കേന്ദ്രീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷവും അതേ സമീപനം തുടർന്നു വരുന്നതായാണ് പൊതുവെ കരുതപ്പെട്ടിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2013 ജനുവരി 13-ാം തീയതി, അതായത് ഒരു വർഷം മുമ്പ് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാനായ ശ്രീ. മൊണ്ടേഗ്സിംഗ് അലുവാലിയക്ക് എഴുതിയതായി ഇപ്പോൾ പുറത്തു വന്നിരിക്കുന്ന കത്ത് ദുരൂഹത സൃഷ്ടിക്കുന്നതാണ്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ഉപദേഷ്ടാവ് ശ്രീ. ഗജേന്ദ്ര ഹാൽഡിയ കേരളം സന്ദർശിച്ചു എന്നും അദ്ദേഹത്തിന്റെ പ്രസ്തുത സന്ദർശനം അങ്ങേയറ്റം പ്രയോജനകരമായിരുന്നു എന്നുമാണ് ആ കത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. ആ കത്ത് ഞാനിവിടെ വായിക്കുകയാണ്.

Dear Mandegsingh Aluvaliaji,

Your Advisor Shri Gajendra Haldia, visited Thiruvananthapuram last week for discussions on infrastructure projects and RSBY. The visit was extremely useful and productive. It may be possible to structure and few large PPP projects in Kerala including the Vizhinjam port, Mono Rail Projects in Thiruvananthapuram and Kozhikode, a Medical College in Haripad and some other identified projects. In view of our lack of experience in this area, we would require continuing assistance from the Planning Commission at least for the first couple of years. We would

also need Planning Commissions expert help in setting up a mechanism for PPP projects and for capacity building. I would therefore request you may kindly give necessary instructions to the Planning Commission officials concerned to help Kerala on a continuing basis for the next couple of years, so that we can set up a few important projects and also build up an apparatus within the state to promote PPP projects on a much larger scale.

With regards and best wishes for the New Year.

Yours Sincerely

Oommen Chandy

ഇപ്രകാരം വിഴിഞ്ഞം പദ്ധതി പി.പി.പി മോഡലിൽ റീസ്ട്രക്ച്ചർ ചെയ്യുവാൻ മുഖ്യമന്ത്രി കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് ഒരു വർഷം മുമ്പ് അങ്ങോട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കേരള ജനത ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിൽ താൽപര്യമെടുക്കേണ്ടതില്ല എന്നുള്ള വിവാദപരമായിട്ടുള്ള പ്രസ്താവന നടത്തി കുപ്രസിദ്ധിയാർജിച്ച പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാന്റെ സഹായം മുഖ്യമന്ത്രി ഈ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നതിനെത്തുടർന്നാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണ വിഷയത്തിൽ അന്നേ വരെ സ്വീകരിച്ചുപോന്നിരുന്ന സമീപനം ദുരൂഹമായ രീതിയിൽ അട്ടിമറിക്കപ്പെട്ടിരിക്കുന്നു എന്ന് പൊതു ജനങ്ങൾക്ക് ആശങ്കയുണ്ടാകുന്നത്. മുൻ സർക്കാർ വിഴിഞ്ഞം പദ്ധതി പി.പി.പി മോഡലിലാക്കാൻ മൂന്ന് പ്രാവശ്യം ടെണ്ടർ

ചെയ്ത് പരാജയപ്പെട്ടതാണ്. അതിനുശേഷമാണ് ഐ.എഫ്.സി–യെ കൺസൾട്ടന്റായി നിയമിച്ച് പഠനം നടത്തി ലാന്റ്ലോർഡ് പോർട്ടാക്കാനായി തീരുമാനിച്ചത്. ലാന്റ്ലോർഡ് പോർട്ടിവിടെ വരികയാണെങ്കിൽ തുറ മുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ നേരിട്ട് നിർവ്വ ഹിക്കുകയും പോർട്ടിന്റെ പ്രവർത്തനവും ഓപ്പറേഷൻ ഉപകരണങ്ങളും ടെണ്ടറിലൂടെ സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുകയും ചെയ്യും. എൽ.ഡി.എഫ് സർക്കാർ ഏർപ്പെടുത്തിയ എൽ & റ്റി റാംബോളിന്റെ പഠനം, പരിസ്ഥിതി പഠന റിപ്പോർട്ട് ലഭിക്കാത്തതിൽ താമസം നേരിട്ടതുകൊണ്ടാണ് എൽ.ഡി. എഫ് സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴി യാതെ പോയത്. എന്നാൽ യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതി നുശേഷം ഐ.എഫ്.സി–യെ കൺസൽട്ടന്റിൽനിന്നും ഒഴിവാക്കി രണ്ടര വർഷത്തിനുശേഷം ഇതേ എൽ ആന്റ് റ്റി റാംബോൾ നൽകിയ പരിസ്ഥിതി പഠന റിപ്പോർട്ട് കേന്ദ്രത്തിന് അയച്ചുകൊടുക്കുക മാത്രമാണ് ചെയ്തത്. ലാൻഡ് ലോർഡ് പോർട്ട് എന്ന തീരുമാനം അട്ടിമറിച്ച് കേന്ദ്ര പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ശ്രീ. മൊണ്ടേഗ് സിംഗ് അലുവാലിയയുടെ നേതൃത്വത്തിൽ പ്രഹസനമായി ചർച്ച നടത്തി വീണ്ടും പി.പി.പി ആക്കാൻ തീരുമാനിക്കുകയായിരുന്നു. എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പോർട്ട് ഓപ്പറേഷനും സൂപ്പർ സ്ട്രക്ചറിനുംവേണ്ടി ടെണ്ടർ വിളിച്ചിരുന്നത് 1000 കോടി രൂപയ്ക്കായിരുന്നു. എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പോർട്ട് ഓപ്പറേഷനുവേണ്ടി ടെണ്ടർ നൽകാൻ തയ്യാറായി വന്ന അദാനി ഗ്രൂപ്പിനെ സെക്യൂരിറ്റി ക്ലിയറൻസ് നൽകി അംഗീകരിക്കാൻ കേന്ദ്ര സർക്കാർ അന്ന് തയ്യാറായില്ല. പക്ഷേ ഇപ്പോൾ ഇതേ ഗ്രൂപ്പിന് ഇന്ത്യയിലെ മറ്റ് മൂന്ന് തുറമുഖ

ങ്ങൾ വികസിപ്പിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. യു.ഡി.എഫ് സർക്കാർ നാലായിരം കോടി രൂപയുടെ ടെണ്ടർ നടപടി ആരംഭിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും അതോടൊപ്പം പുതിയ കൺസൽട്ടന്റിനെ കണ്ടെത്താനുള്ള ടെണ്ടറും വിളിച്ചിരിക്കുന്നതായാണ് അറിയാൻ കഴിയുന്നത്. ഇത് ദുരൂഹവും കള്ളക്കളിയുമാണ്. നാലായിരം കോടി രൂപയുടെ ഇപ്പോഴത്തെ പദ്ധതി ആരാണ് തയ്യാറാക്കിയതെന്ന് വ്യക്തമല്ല. ഐ.എഫ്.സി–യെ നേരത്തെ ഒഴിവാക്കിയിരുന്നു, പുതിയ കൺസൽട്ടന്റിനുവേണ്ടിയുള്ള ടെണ്ടർ ക്ഷണിച്ചിട്ടേയുള്ളൂ. നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖ മേഖലയെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധിയെന്ന നിലയിൽ എന്നെ ഇത് സംബന്ധിച്ച കൂടിയാലോചനകളിലോ ചർച്ചകളിലോ പങ്കെടുപ്പിച്ചിരുന്നില്ല. മാത്രമല്ല വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് കമ്പനിയുടെ ഡയറക്ടർ ബോർഡിൽ സ്ഥലം എം.എൽ.എ ആയ എന്നെ ഉൾപ്പെടുത്തിയിരുന്നില്ല. മേൽ സൂചിപ്പിച്ച മുഖ്യമന്ത്രിയുടെ കത്തിനെത്തുടർന്നുണ്ടായ ഭരണ നടപടികൾ വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെ സ്വീകരിച്ചിരുന്ന സമീപനം അട്ടിമറിക്കപ്പെടുന്നതിലാണ് കലാശിച്ചിരിക്കുന്നത്. ലാൻഡ് ലോർഡ് മാതൃകയിൽനിന്നും പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലേയ്ക്ക് പുറമെയുള്ളവരാരും അറിയാതെ തന്നെ നിർമ്മാണ രീതി മാറ്റപ്പെട്ടിരിക്കുകയാണ്. നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി തന്നെ മൊത്തത്തിൽ അട്ടിമറിക്കുന്നതിനായുള്ള ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏകദേശം എൺപത് ശതമാനത്തോളം നിർമ്മാണ ജോലികൾ സർക്കാർ നേരിട്ട് ലാൻഡ് ലോർഡ് മാതൃകയിലും ബാക്കിയുള്ള പ്രവർത്തനങ്ങൾക്കുമാത്രം പി.പി.പി. മോഡലുമെന്നാണ് VISL (Vizhinjam

International Seaport Limited) -ന്റെ ഡയറക്ടർ ബോർഡ് ആദ്യം അംഗീകരിച്ച മോഡൽ 2 ൽ പറഞ്ഞിരിക്കുന്നത്. ഈ രീതിയിൽ പ്ലാൻ കാണിച്ചുകൊണ്ടാണ് പരിസ്ഥിതി ക്ലിയറൻസിന് സർക്കാർ അപേക്ഷിച്ചിട്ടുള്ളതെന്ന് ഞങ്ങൾ മനസിലാക്കുന്നു. എന്നാൽ VISL-ന്റെ എം.ഡിയും കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ ഉപദേഷ്ടാവും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം 27-08-2013-ൽ വീണ്ടും VISL കമ്പനിയുടെ ബോർഡ് യോഗം ചേർന്ന് മോഡൽ 4 അംഗീകരിക്കാൻ തീരുമാനിച്ചു. അതായത് 80 ശതമാനം പണികൾ പി.പി.പി മാതൃകയിലും 20 ശതമാനം പണികൾ സർക്കാർ നേരിട്ടും നടത്തുമെന്നാണ് തീരുമാനിച്ചത്. കൈരളി ചാനൽ നടത്തിയ ഒരു ചർച്ചയിൽ സർക്കാർ തുറമുഖം പണി സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു പ്രസ്താവിച്ചത്. ഇത് സംബന്ധിച്ച് ധാരാളം ദുരൂഹതകൾ നിലനിൽക്കുന്നു. ഈ ദുരൂഹതകൾ സംബന്ധിക്കുന്ന ആശങ്ക ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വീമാക്-ന്റെ പ്രിതിനിധികൾ 26-12-2013-ൽ മുഖ്യമന്ത്രിയെ നേരിൽ കാണുന്നത്. ഇത് സംബന്ധിച്ച് അവർ ഉന്നയിച്ച കാര്യങ്ങളിൽ കഴമ്പുണ്ടെന്ന് മുഖ്യമന്ത്രിക്ക് തോന്നിയതുകൊണ്ടായിരിക്കണം അവരെയും വകുപ്പ് മന്ത്രിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും 30-12-2013-ൽ ചർച്ചയ്ക്ക് വിളിക്കാമെന്ന് സമ്മതിച്ചത്. ഒരു മാസത്തിലധികം കഴിഞ്ഞിട്ടും അത്തരത്തിലുള്ള ഒരു ചർച്ചയും നടക്കാത്ത സാഹചര്യത്തിലാണ് വിഴിഞ്ഞം മദർപോർട്ട് ആക്ഷൻ കൗൺസിലിന്റെ പ്രതിനിധികൾ

അനിശ്ചിതകാല നിരാഹാര സമരം 30–01–2014 മുതൽ ആരംഭിച്ചിരിക്കുന്നത്. സാധാരണ സമര പരിപാടികളിലും നിരാഹാര സമരങ്ങളിലും പങ്കെടുത്ത് പരിചയമില്ലാത്ത പൗരൻമാരാണ് ഇപ്രകാരം നിരാഹാരം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത്. അഞ്ച് ദിവസമായി നിരാഹാര സമരത്തിൽ കഴിയുന്ന ഏലിയാസ് ജോൺ, എം. പോൾ, പൂന്തുറ സുധീഷ്, ടി.കെ. അനിൽകുമാർ, സാജുലീൻ, ജെ.ആർ. ബിലാൻഡ തുടങ്ങിയവരുടെ ജീവൻ അപകടാവസ്ഥയിലാണ്. ഈ സഭ മറ്റ് നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യുകയും വിഴിഞ്ഞം മദർപോർട്ട് ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ ആശങ്കകൾ എത്രയുംവേഗം ദൂരീകരിക്കുകയും ചെയ്യേണ്ടതാണ്. അത്യന്തം ഗുരുതരമായ ഈ സ്ഥിതി വിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ ആദ്യം മറുപടി പറഞ്ഞപ്പോൾ പറഞ്ഞ കാര്യം ബഹുമാനപ്പെട്ട എം.എൽ.എ തെറ്റിദ്ധരിച്ചിരിക്കുകയാണ്. എനിക്ക് അതിൽ ദു:ഖമുണ്ട്. ഇവിടെ നാലഞ്ചുപേർ നിരാഹാരം കിടക്കുന്നത് ചെറിയ കാര്യമായി കാണുന്നില്ല. അത് അങ്ങേയറ്റം ദു:ഖകരമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മുഖ്യമന്ത്രി യോഗം വിളിക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, വൈകിപ്പോയെങ്കിലും, യോഗം വിളിച്ചുകൂട്ടുന്നതിന് തടസ്സമില്ല. മുഖ്യമന്ത്രിയോട് ഇക്കാര്യം സൂചിപ്പിക്കാം. ഞാൻ യോഗം വിളിക്കാമെന്ന് പറഞ്ഞിട്ടില്ലായിരുന്നു. മറ്റൊന്ന്, നിരാഹാരം കിടക്കുന്ന ആളുകളുടെ ജീവൻ അപകടത്തിലാണെന്ന് എം. എൽ.എ തന്നെ പറഞ്ഞു. അങ്ങനെയാണെങ്കിൽ എം.എൽ.എ യുടെ good office ഉപയോഗിച്ച് അവരുടെ നിരാഹാരം പിൻവലിപ്പിക്കാൻ ദയവായി ശ്രമി

ക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. ഈ വിഷയത്തിൽ വളരെ സുതാര്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 08–01 –2014–ൽ ഇതുമായി ബന്ധപ്പെട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെയൊരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നപ്പോൾ ഇതിന്റെ വിശദമായ മറുപടി ഞാൻ പറഞ്ഞിരുന്നു. പരിസ്ഥിതി പഠനത്തെക്കുറിച്ച് നേരത്തെ എല്ലാ നടപടികളും പൂർത്തിയായി എന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. 2011 ജൂൺ ജൂലൈ മാസങ്ങളിൽ മാത്രമാണ് ഇതിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചുകിട്ടിയത്. 1986–ലെ പാരിസ്ഥിതിക നിയമം അനുസരിച്ചും 2006–ലെ ഇ.ഐ.എ നോട്ടിഫിക്കേഷൻ അനുസരിച്ചും പ്രത്യേകമായി പഠിക്കേണ്ട വിഷയങ്ങൾ ആദ്യം സെൻട്രൽ എക്സ്പർട്ട് അപ്രൈസർ കമ്മിറ്റി അംഗീകരിക്കണം. ആ കമ്മിറ്റി വന്നതിനുശേഷമാണ് ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത്. അതിന്റെയടിസ്ഥാനത്തിലാണ് പഠനം നടന്നത്. പാരിസ്ഥിതിക അനുമതി നീട്ടിക്കൊണ്ടുപോകാൻ കാരണം ഇവർ ഉയർത്തികാണിച്ച ഐ.എഫ്.സി തന്നെയാണ്. ഐ.എഫ്.സി യുടെ ഓംബുഡ്സ്മാൻ വന്നു. അവരും പരിസ്ഥിതി പഠനം നടത്തിയിരുന്നു. അത് കിട്ടാൻ കാലതാമസം നേരിട്ടു. ഇത് രണ്ടും ഇന്റഗ്രേറ്റ് ചെയ്ത് ഗവൺമെന്റിന് സമർപ്പിച്ചു. പരിസ്ഥിതി പഠനം പൂർത്തിയാക്കി ക്ലിയറൻസ് ലഭിച്ചു എന്നതാണ് പ്രധാനപ്പെട്ട ഒരു നേട്ടം. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഐ.എഫ്.സി യെ ഒഴിവാക്കിയെന്നാണ്. ഐ.എഫ്.സി യെ ഗവൺമെന്റ് ഒഴിവാക്കിയതല്ല. ഐ.എഫ്.സി യുടെ കാലാവധി കഴിഞ്ഞപ്പോൾ ഐ.എഫ്.സി സ്വയം പിരിഞ്ഞതാണ്. ഞാൻ ഇതിനുമുമ്പും ഇത് പറഞ്ഞതാണ്. ഇതിന് രേഖകളുണ്ട്. ആ രേഖകൾ ആവശ്യ

മാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. ഐ.എഫ്.സി യോട് തുടരാൻ വിഴിഞ്ഞം കമ്പനിയുടെ ബോർഡ് യോഗം അഭ്യർത്ഥിച്ചുവെങ്കിലും അവർ തുടരുന്നില്ല എന്ന നിലപാടാണ് സ്വീകരിച്ചത്. അതിനുശേഷം ഗ്ലോബൽ ടെണ്ടർ വിളിച്ച് വേറൊരു ട്രാൻസാക്ഷൻ അഡ്വൈസറെ തീരുമാനിച്ചു. ഏണസ്റ്റ് ആന്റ് യങ് എന്ന ട്രാൻസാക്ഷൻ അഡ്വൈസറെ ഇപ്പോൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഏണസ്റ്റ് ആന്റ് യങ് എന്ന കമ്പനിയെക്കുറിച്ച് ധനകാര്യ കാര്യങ്ങളൊക്കെ കൈകാര്യം ചെയ്തിരുന്ന മന്ത്രിയെന്ന നിലയ്ക്ക് ഡോ. ടി.എം. ഐസകിന് നന്നായി മനസ്സിലാകും. ഞാൻ നല്ല അർത്ഥത്തിലാണ് പറഞ്ഞത്. അതുപോലെ ലീഗൽ അഡ്വൈസറായി അഡ്വ. ഹേമന്ത് സഹായിയെയും ടെണ്ടറിലൂടെ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം ഈ കമ്പനിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ ആവശ്യമായതുകൊണ്ടാണ് ചെയ്തിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിലുള്ള ഒരു വ്യത്യാസത്തെക്കുറിച്ച് പറഞ്ഞിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ 18–10–2010-ലെ ഒരു ഓർഡറിലെ

ആറാമത്തെ പാരഗ്രാഫിൽ

Based on these criteria, the advisors have recommended adopting the Landlord model in which civil infrastructure is to be built by Government itself (at an estimated cost of Rs. 1647 Cr.) through a separate EPC bid, while the superstructure for port operations and terminals etc. is to be built on PPP basis by a concessionaire selected through a competitive bidding process.

കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച മോഡൽ 3, birth superstructure and equipments, അത് പ്രൈവറ്റ് സെക്ടറിൽ പണിയാനാണ് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഓർഡർ ഇറക്കിയത്. ഞങ്ങൾ dredging and reclamations birth superstructure and equipments അത് പ്രൈവറ്റ്

സെക്ടറിൽ പണിയാൻ തീരുമാനിച്ചു. അതേസമയം breakwater associated dredging and reclamation, fish landing center, births for coastguard and Indian navy. ഇത് പൂർണ്ണമായും പി.പി.പി മോഡലാക്കിയിട്ടില്ല, ആക്കാൻ ഉദ്ദേശിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അവർ തീരുമാനിച്ചു, 970 കോടി രൂപ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ്, അതായത് പി.പി.പി മോഡൽ. . . . . . ഇത് കഴിഞ്ഞ ഗവൺമെന്റ് ഇറക്കിയ ഓർഡർ ആണ്. (ഓർഡർ ഉയർത്തിക്കാട്ടി) ആർക്കെങ്കിലും റഫർ ചെയ്യണമെന്നുണ്ടെങ്കിൽ തരാം. 1646 കോടി രൂപ ഗവൺമെന്റ് ഇ.പി.സി. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഇറക്കിയ ഓർഡർ, (....... ബഹളം ........) ഞാൻ ഓർഡർ വച്ചിട്ടാണ് സംസാരിക്കുന്നത്. നേരത്തെ തയ്യാറിക്കിയപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ കുറച്ചു മാറ്റങ്ങൾ ഗവൺമെന്റിന് ഇതിനകത്ത് വരുത്തേണ്ടി വന്നു. അന്നത്തെ മോഡൽ 9000 ടി.ഇ.യു. കപ്പലുകൾ അടുക്കത്തക്ക വിധത്തിലുള്ളതായിരുന്നു. അത് ഇപ്പോൾ 18000 ടി.ഇ.യു കപ്പലുകൾ വരത്തക്കവിധത്തിലുള്ളതാക്കി. അതിന്റെ അടിസ്ഥാനത്തിൽ ബർത്തിന്റെ ലെങ്ത് 650 മീറ്ററിൽ നിന്ന് 800 മീറ്ററാക്കി മാറ്റേണ്ടി വന്നു. ചാനൽ വിഡ്ത്തും കൂട്ടേണ്ടി വന്നു. അതുകൊണ്ടും തുക കൂടിയിട്ടുണ്ട്. മാത്രവുമല്ല, 2010– ലെ റേറ്റിലാണ് അന്ന് ടെണ്ടർ ചെയ്തത്. 2014 ആയപ്പോൾ റേറ്റ്സ് ഷെഡ്യൂൾ എല്ലാം മാറി. മറ്റൊരു കാര്യം, ഇത് ഡോളർ–റുപ്പി വാല്യുവുമായി ബന്ധപ്പെട്ടാണ് വരുന്നത്. വിനിമയനിരക്കിലെ റുപ്പി–ഡോളർ വാല്യുവിൽ 2014 ആയപ്പോൾ കുറേക്കൂടി മാറ്റമുണ്ടായിട്ടുണ്ട്. സ്വാഭാവികമായും അങ്ങനെയുണ്ടായ മാറ്റത്തിന്റെയടിസ്ഥാനത്തിൽ തുക കൂടിയിട്ടുണ്ട്, കൂടും. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് തത്വത്തിലുള്ള

എതിർപ്പിന്റെ പേരിലല്ല പി.പി.പി. മോഡൽ കൊടുക്കാതിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് തത്വത്തിൽ പി.പി.പി.മോഡൽ അംഗീകരിക്കുകയും ടെണ്ടർ ചെയ്യുകയും അതനുസരിച്ച് ലാന്റ്കോയ്ക്ക് ലെറ്റർ ഓഫ് ഇൻഡന്റ് നൽകുകയും ചെയ്തിരുന്നു. ഞാനവരെ കുറ്റപ്പെടുത്തുകയല്ല, അന്നത്തെ സാഹചര്യം അതാണ്. പിന്നീട് ഹൈക്കോടതിയിൽ കേസും പ്രശ്നങ്ങളും ഉണ്ടായതുകൊണ്ട് അതിൽ നിന്ന് ഗവൺമെന്റ് തിരിച്ചുവന്നു. അങ്ങനെ തിരിച്ചുവന്നു ലാന്റ് ലോർഡ് മോഡലാക്കി. ഞാൻ സമ്മതിച്ചു. അങ്ങനെ ലാന്റ് ലോർഡ് മോഡൽ ആക്കിയപ്പോൾ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 970 കോടി രൂപ പി.പി.പി. മോഡൽ ആയിരുന്നു സൂപ്പർ സ്ട്രക്ചർ. അന്ന് ആ ഗവൺമെന്റിന്റെ സമയത്ത് പി.പി.പി. മോഡൽ ആയിരുന്നു 970 കോടിയെങ്കിൽ ഇപ്പോൾ ഞങ്ങളുടെ കയ്യിലുമുണ്ട് പി.പി.പി.മോഡൽ. ആ ഗവൺമെന്റിന്റെ സമയത്ത് മുഴുവൻ ലാന്റ് ലോർഡ് മോഡലാണെങ്കിൽ ഇപ്പോൾ ഞങ്ങളുടേതും ലാന്റ് ലോർഡ് മോഡലാണ്. അത് എങ്ങനെ അല്ലെന്ന് പറയാൻ പറ്റും. ഞങ്ങൾ ലാന്റ് ലോർഡ് മോഡലിൽ നിന്ന് മാറ്റം വരുത്തിയിട്ടില്ല. ആകെ വരുത്തിയ ഒരു മാറ്റം ഇതൊന്നു പുന:ക്രമീകരിച്ചു എന്നുള്ളതാണ്. ഇത് യാഥാർത്ഥ്യമാകുന്നതിനുള്ള സാദ്ധ്യതകൾ വളരെയേറെയാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കാം, ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ്. എനിക്കും ഇവിടത്തെ ജനങ്ങൾക്കും ഏറ്റവും വലിയ ആശങ്ക ഉണ്ടായത് ഇന്നത്തെ ദിവസം തന്നെ ഈ വിഷയം കൊണ്ടുവന്നതിലാണ്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണി നിർദ്ദേശിച്ചതനുസരിച്ച് നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും പങ്കാളിത്തത്തെ സംബന്ധിച്ച് ചർച്ച നടത്താൻ ഇന്ന് രാവിലെ 11.00 മണിക്ക് പോർട്ട് സെക്രട്ടറിയും ഇതിന്റെ എം.

ഡി.യും ഡിഫൻസ് മിനിസ്ട്രിയുമായി ചർച്ച ചെയ്യുന്നതിന് ഡൽഹിയിൽ പോയിരിക്കുകയാണ്. 500 കോടി രൂപയുടെ പ്രൊപ്പോസൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇല്ലാതിരുന്നതാണ്. ഇപ്പോൾ ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്. അതുപോലെ തന്നെ 2 മണിക്ക് കൺസ്ട്രക്ഷൻ എഗ്രിമെന്റുമായി ബന്ധപ്പെട്ട് ഇൻഡ്യാ ഗവൺമെന്റുമായി ചർച്ച നടക്കുകയാണ്. സുപ്രധാനമായ 2 ചർച്ചകൾ നടക്കുന്ന ഈ ദിവസം തന്നെ ഈ വിഷയം തെരഞ്ഞെടുത്തത് . . .. . ഇത് അട്ടിമറിക്കാനുള്ള ആളുകളുടെ കയ്യിലെ കരുവായി ഈ എം.എൽ.എ. പ്രവർത്തിച്ചുവെന്നുള്ളതിന്റെ തെളിവാണ്. ആശങ്ക ഗവൺമെന്റിനാണ്. ഇത് അട്ടിമറിക്കാൻ, നക്കിക്കൊല്ലാനുള്ള ഒരു ശ്രമമാണ് നടക്കുന്നത്. പ്രതിപക്ഷനിരയിലെ മുതിർന്ന നേതാക്കന്മാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇതുപോലെയുള്ള ഘട്ടങ്ങളിൽ ഇതിനെ തകർക്കാനുള്ള . . . . .ആളുകളുടെ കരുവായി പ്രതിപക്ഷത്തെ എം.എൽ.എ.മാരെ ദയവായി തതതതതതതതതതതതതത ................. (ബഹളം) .................... (ബഹളം) ........................

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ................. (ബഹളം) XXXXXXXXXX[+]X. ................. (ബഹളം) അത് പിൻവലിക്കണം. അങ്ങനെ പറയാൻ പാടില്ല. .................. (ബഹളം) ........................... (ബഹളം) .........................

<u>ശ്രീ. കെ. ബാബു</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഞാൻ പറഞ്ഞത് പിൻവലിച്ചു.

---

[+] XXXXX പിൻവലിച്ചു.

മി. സ്പീക്കർ: അദ്ദേഹം പിൻവലിച്ചു.

ശ്രീ. കെ. ബാബു: ഞാൻ പിൻവലിച്ചല്ലോ, ക്ഷമാപണം നടത്തുന്നു. XXXXXXXXX+ എന്നുള്ളത് പിൻവലിച്ചു. XXXX ഞാൻ പിൻവലിച്ചു. ഏറ്റവും നിർണ്ണായകമായ ഒരു കാര്യമായിരുന്നു പരിസ്ഥിതിയുടെ പബ്ലിക് ഹിയറിംഗ്. ആ പബ്ലിക് ഹിയറിംഗിൽ ഈ ബഹുമാന്യയായ എം.എൽ.എ. അവിടെ ....................

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീമതി ജമീലാ പ്രകാശം അദ്ദേഹം പറയട്ടെ. അദ്ദേഹം പറഞ്ഞ ഒരു കാര്യം തെറ്റാണെന്ന് ബോദ്ധ്യമായപ്പോൾ പിൻവലിച്ചില്ലേ; ക്ഷമയും പറഞ്ഞു. ഇനിയെന്ത് വേണം?

ശ്രീ. കെ. ബാബു: സർ, പരിസ്ഥിതി ക്ലിയറൻസ് കിട്ടാൻവേണ്ടി കേരളത്തിലെ ഭരണ-പ്രതിപക്ഷ അംഗങ്ങൾ മുഴുവൻ ഒറ്റക്കെട്ടായിട്ടാണ് ഈ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തത്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ നമ്മുടെ ബഹുമാന്യയായ എം.എൽ.എ. പരിസ്ഥിതി ഹിയറിംഗിൽ പോയി പറഞ്ഞ ഒരു കാര്യം സംസ്ഥാന സർക്കാരിന്റെ പ്രതിനിധി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വി.ഐ.എസ്.എൽ.)-ൽ ഇല്ല. എത്രയും പെട്ടെന്ന് സ്ഥലം എം.എൽ.എ.യെ ഉൾപ്പെടുത്തണം. ഇതാണ് പരിസ്ഥിതി ക്ലീയറൻസിൽ എം.എൽ.എ. പറഞ്ഞതായി മിനിട്ട്സ് ചെയ്തിട്ടുണ്ട്. ഇതാണോ ഏറ്റവും വലിയ ആവശ്യം. എം.എൽ.എ.യെ ബോർഡിൽ ഉൾപ്പെടുത്തില്ലെന്ന് പറഞ്ഞില്ലേ, കഴിഞ്ഞ പ്രാവശ്യം അവിടെ ഒരു എം.എൽ.എ. ഉണ്ടായിരുന്നല്ലോ, ഉൾപ്പെടുത്തിയോ; എം.പി.യെ ആവശ്യമുണ്ട്. അതുകൊണ്ടാണ് ഉൾപ്പെടുത്തിയത്. കഴിഞ്ഞ പ്രാവശ്യത്തെ എം.പി.യല്ല, ശ്രീ. ശശി

---

+XXXXXXXX പിൻവലിച്ചു

തരൂർ എം.പി. എന്നുള്ള നിലയിൽ മാത്രമല്ല, കേന്ദ്രമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ എക്സ്പീരിയൻസെല്ലാം ഉപയോഗിക്കണം എന്നുള്ളത് കൊണ്ടാണ്. പ്രത്യേകിച്ച് ഇത് ഗ്ലോബലായിട്ടുള്ള ടെണ്ടർ എല്ലാം വരുന്ന താണ്. . . .(ബഹളം). . . . .. . . .അങ്ങനെയൊരാളെ ചൂണ്ടിക്കാണിക്ക്, ആലോ ചിക്കാം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

................... (ബഹളം) ........................... (ബഹളം) .........................

ശ്രീ. കെ. ബാബു: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഒരാശങ്കയു ടെയും പ്രശ്നമില്ല. ഇത് ശരിയായ ദിശയിലാണ് മുന്നോട്ടുപോകുന്നത്. ഇതിനെ അട്ടിമറിക്കുന്നവരുടെ കരുവായി ദയവായി ആരും പ്രവർത്തിക്കരുത്. ഞാൻ ഒരു കാര്യം കൂടി പറയാം, അവിടെ ഇതിനെ എതിർക്കുന്ന ഒരു കൂട്ട രെയുള്ളു, റിസോർട്ട് മാഫിയ. ഞാൻ ഒരു കാര്യം കൂടി പറഞ്ഞോട്ടെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ 600 മീറ്റർ റോഡ് ഉദ്ഘാടനം ചെയ്തു. ആ റോഡുപണിയുടെ അവസാന ഘട്ടത്തിൽ, ഈ ബഹുമാന്യ യായ എം.എൽ.എ. ആ റോഡുപണി തടസ്സപ്പെടുത്തിക്കൊണ്ട് കുത്തിയിരു ന്നു. ഉള്ള സത്യമാണ്. സത്യം പറയണ്ടേ. സഭ ............................. (ബഹളം) ................ (ബഹളം) ..............................

മി. സ്പീക്കർ: യെസ് പ്ലീസ് കൺക്ലൂഡ്.

................... (ബഹളം) ........................... (ബഹളം) .........................

ശ്രീ. കെ. ബാബു: സർ, ആരോപണമല്ല, ഉണ്ടായ കാര്യമാണ് പറഞ്ഞത്.

................... (ബഹളം) ........................... (ബഹളം) .........................

<u>മി. സ്പീക്കർ</u>: അദ്ദേഹം പറയട്ടെ, ആരോപണമൊന്നും ഉന്നയിച്ചില്ലല്ലോ? ആരോപണമൊന്നും ഉന്നയിച്ചില്ല. ശ്രീ. കെ. ബാബു അങ്ങ് കൺക്ലൂഡ് ചെയ്യു.

.................... (ബഹളം) ............................ (ബഹളം) ..........................

<u>ശ്രീ. കെ. ബാബു</u>: സർ, അതുകൊണ്ട് ഈ വിഷയത്തിൽ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല, സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിന് അവതണാനുമതി നിഷേധിച്ചു.)

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u> : സർ, വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ കൈക്കൊണ്ട സമീപനം ജനങ്ങളിൽ വലിയ ആശങ്ക ഉളവാക്കിയിട്ടുണ്ട്. രാഷ്ട്രീയത്തിനതീതമായി തിരുവനന്തപുരം നിവാസികളുടെ പ്രതിനിധികളായി വിഴിഞ്ഞം മദർ പോർട്ടിന്റെ ആക്ഷൻ കൗൺസിൽ സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാരസമരം അനുഷ്ഠിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് കൈക്കൊണ്ട എല്ലാ തീരുമാനങ്ങളും തുറമുഖ ലോബിക്കും അതുമായി ബന്ധപ്പെട്ട ദല്ലാളന്മാർക്കും വേണ്ടി അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. മൂന്ന് ആഗോള ടെണ്ടറുകൾ പരാജയപ്പെട്ടതിന്റെ വെളിച്ചത്തിലാണ് പദ്ധതി പി.പി.പി. മോഡലിൽ നിന്നും മാറ്റി ലാൻഡ്ലോർഡ് മോഡലാക്കാൻ എൽ.എഡി.എഫ്. സർക്കാർ തീരുമാനിച്ചത്. എന്നാൽ ഇപ്പോൾ വീണ്ടും പി.പി.പി. മോഡലിലേയ്ക്ക് പദ്ധതി കൊണ്ടുപോകുന്നതിനാണ് യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ലാൻഡ്‍ലോർഡ് മോഡൽ മാറ്റിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് xxxxxxxxxxxxxxx.[+]

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ആ വാക്ക് അൺപാർലമെന്ററി ആണ്. അങ്ങേയ്ക്ക് അസത്യമാണെന്ന് പറയാം.

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u> : സർ, ഞാൻ ആ വാക്ക് മാറ്റുന്നു, വാസ്തവ വിരുദ്ധമാണെന്ന് പറയുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പോർട്ടിന്റെ നടത്തിപ്പും സൂപ്പർ സ്ട്രക്ച്ചറും ടെണ്ടർ ചെയ്യാൻ തീരുമാനിച്ചതുതന്നെ സർക്കാരിന് പോർട്ടിന്റെ ഓപ്പറേഷൻ നടത്തുന്നതിനുള്ള സാങ്കേതിക ജ്ഞാനം ഇല്ലാത്തതുകൊണ്ടായിരുന്നു. എന്നാൽ ഈ സർക്കാർ ബ്രേക്ക് വാട്ടർ ഒഴിച്ച് ബാക്കിയെല്ലാം ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് വലിയ ഗൂഢാലോചനയുടെ ഫലമാണ്. കേന്ദ്ര ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ ശ്രീ. മൊണ്ടേസിംഗ് അലുവാലിയ ഇവിടെ വന്നാണ് ഈ ഗൂഢാലോചനയ്ക്ക് നേതൃത്വം കൊടുത്തത്. പി.പി.പി. മോഡലാക്കിയാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് കിട്ടുമെന്ന് പറഞ്ഞാണ് ലാൻഡ് ലോർഡ് പോർട്ട് എന്ന പദ്ധതി അട്ടിമറിച്ചത്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ യാതൊരു ഉറപ്പും നൽകിയിട്ടില്ലെന്ന് മാത്രമല്ല, രാജ്യത്ത് ഇതുവരെ ഒരു തുറമുഖ നിർമ്മാണത്തിനും വി.ജി.എഫ്. കിട്ടിയിട്ടുമില്ല. തൂത്തുക്കുടി തുറമുഖത്തിനുവേണ്ടി ശ്രീ. മൊണ്ടേസിംഗ് അലുവാലിയയെ ഉപയോഗിച്ച് കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീ. ചിദംബരം നടത്തിയ അട്ടിമറിയാണ് ഇതിന് പിറകിലുളളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പു മന്ത്രിയും ഈ അട്ടിമറിക്ക് കൂട്ടുനിന്നുവെന്നതാണ് ഏറ്റവും വലിയ ഹീനമായ

---

[+] പിൻവലിച്ചു.

കാര്യം. കേരള വികസനത്തിന്റെ കവാടമായി മാറാൻ കഴിയുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി അട്ടിമറിച്ച് കേരളീയരുടെ ആകെ പ്രതീക്ഷ തകർത്ത പ്രശ്നം പോലും ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളുടെയാകെ വലിയ പ്രതീക്ഷയാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. സാധാരണഗതിയിൽ പറയുന്ന തല്ല, കേരളത്തിന്റെ  സമഗ്രമായ വികസനത്തെ സാരമായി ബാധിക്കുന്നതും കേരളത്തിന്റെ സാമ്പത്തിക-വാണിജ്യ-വ്യാവസായിക പുരോഗതിയുടെ നാഴികക്കല്ലായി മാറാൻ കഴിയുന്നതുമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. അങ്ങനെയുള്ള പദ്ധതി ഇപ്പോൾ സംശയങ്ങളുടെയും ആരോപണങ്ങളു ടെയും പുകമറയിലാണെന്നതാണ് കേരളത്തിലെ ജനങ്ങളുടെ ആശങ്ക. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്നതെന്നും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്  നടന്നതെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ശരിയല്ല. ഇപ്പോൾ ഈ ഗവൺമെന്റ് നേരിടുന്ന പ്രശ്നങ്ങൾ മുൻ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതാണെന്ന് ന്യായീകരിച്ച് ജനങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാദ്ധ്യമല്ല.  ഇപ്പോൾ ഗവൺമെന്റ് പല പദ്ധതികളു മായി മുന്നോട്ട് പോവുകയാണ്. ആ പദ്ധതികൾ  സാർവ്വത്രികമായ കുഴപ്പത്തി ലേയ്ക്ക് പോകുന്ന കാര്യമാണ് അടിയന്തര പ്രമേയത്തിൽ കൊണ്ടുവന്നത്.

പി.പി.പി. ആണോ വേറെ എന്തെങ്കിലുമാണോ, എങ്ങനെയാണ് അവസാനിക്കാൻ പോകുന്നത്, ആരൊക്കെയാണ് ഇതിന്റെ പിന്നിലുള്ളത് തുടങ്ങിയ വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചുള്ള കാര്യങ്ങളിൽ വകുപ്പുമന്ത്രിക്കുപോലും വ്യക്തമായ ചിത്രമില്ല. ഒരു കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവു മുതൽ വിഴിഞ്ഞം തുറമുഖ പദ്ധതി അട്ടിമറിക്കാനുള്ള ഗൂഢാലോചന ഡൽഹിയിൽ കേന്ദ്രീകരിച്ച് നടക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം തുറമുഖ ലോബികളുണ്ട്. തൂത്തുക്കുടി പദ്ധതി അതിന് പ്രകടമല്ലേ; തൂത്തുക്കുടി പദ്ധതിക്ക് കഴിഞ്ഞതവണ കേന്ദ്ര ബഡ്ജറ്റിൽ പണം അനുവദിച്ചപ്പോൾ വിഴിഞ്ഞം പദ്ധതിക്ക് പത്തുപൈസ പോലും കൊടുത്തില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട അംഗം, തൂത്തുക്കുടി പദ്ധതിക്ക് കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി പണം അനുവദിച്ചുവെന്ന് പറഞ്ഞു. തൂത്തുക്കുടി പദ്ധതി ഒരു പി.പി.പി. പ്രോജക്ടായാണ് പ്രഖ്യാപിച്ചത്. 300 കോടി രൂപയാണ് ആകെ കൊടുത്തിട്ടുള്ളത്. കൊച്ചിയിലെ വല്ലാർപ്പാടം ടെർമിനലിന് 2000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തന്നിട്ടുണ്ട്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ പണം അനുവദിച്ചത് കൊച്ചി പോർട്ടിനാണ്. അത് പി.പി.പി. അല്ല. ഈ പോർട്ടിന് തൂത്തുക്കുടി പദ്ധതിയുമായി മത്സരമില്ല. ഇതിന് കൊളംബോ പോർട്ടുമായി മാത്രമാണ് മത്സരമുള്ളത്.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ചോദിച്ചതിനല്ല അദ്ദേഹം മറുപടി പറഞ്ഞത്. കേന്ദ്ര ബഡ്ജറ്റിൽ തൊട്ടടുത്തുള്ള തുറുമുഖത്തിന് തുക വകയിരുത്തിയപ്പോൾ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് തുക വകയിരുത്തിയോ

എന്നുള്ളതാണ് ചോദ്യം. അതിനുപകരം കൊച്ചിയിലെ വല്ലാർപ്പാടം ടെർമിനലിന് കൊടുത്തെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? കൊച്ചിയിൽ നിങ്ങൾക്ക് താൽപ്പര്യം കാണും. വിഴിഞ്ഞം പദ്ധതിക്ക് ഞങ്ങൾക്ക് പ്രാദേശിക താൽപ്പര്യമുണ്ട്. അത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തുലയ്ക്കരുത്. ഇത് തിരുവനന്തപുരത്തിന്റെ വികസനവും കേരളത്തിന്റെ വികസനവുമാണ്. ഇപ്പോൾ ഉണ്ടായിട്ടുള്ള ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി പറയാതെ, വേറെ വഴികളിലേയ്ക്ക് കൊണ്ടുപോകുന്നത് ശരിയല്ല. ഞങ്ങൾ ഉന്നയിക്കുന്നത് സദുദ്ദേശ്യത്തിലാണ്. ഞങ്ങൾക്ക് നേരെയുള്ള പ്രത്യാരോപണങ്ങളായി അടിന്തരപ്രമേയത്തെ കാണുന്നത് വളരെ നിർഭാഗ്യകരമാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നടപടികളും നിർമ്മാണ പ്രവർത്തനങ്ങളും സുതാര്യമായി നടക്കാനാണ് ആഗ്രഹിക്കുന്നത്. പ്രതിപക്ഷവുമായി അക്കാര്യങ്ങൾ പങ്കുവയ്ക്കുന്നതിന് എന്താണ് തടസ്സം; എന്താണ് നിങ്ങൾക്ക് മറച്ചുവയ്ക്കാനുള്ളത്. എം.പി.യെ കമ്മിറ്റിയിലെടുക്കുമ്പോൾ അവിടത്തെ എം.എൽ.എ. യെയും കൂടി എടുത്താൽ ആകാശം ഇടിഞ്ഞുവീഴുമോ? എം.എൽ.എ. മാർക്കെതിരായി മന്ത്രിമാർ സംസാരിക്കരുത്. എം.എൽ.എ. മാരും മന്ത്രിമാരും തമ്മിൽ വലിയ ദൂരമില്ല. അത് മനസ്സിലാക്കി വേണം സംസാരിക്കാൻ. എം.എൽ.എ. മാരെ കമ്മിറ്റിയിലെടുക്കാൻ പറ്റില്ലെന്ന് പറയുന്നത് ഏത് നിയമമാണ്. അങ്ങനെ ഒരു നിയമവുമില്ല. ഗവൺമെന്റിന് ഇഷ്ടമുണ്ടെങ്കിൽ പ്രതിപക്ഷത്തുള്ള പ്രാദേശിക എം.എൽ.എ. യെ കമ്മിറ്റിയിലെടുക്കുന്നതിൽ എന്താണ് കുഴപ്പം. .....(ബഹളം)...... തൽക്കാലം ഇഷ്ടമില്ലെന്ന് പറഞ്ഞാൽ, നിങ്ങളുടെ ഇഷ്ടാനിഷ്ടം അനുസരിച്ചുതന്നെയാണ് കാര്യങ്ങൾ നടക്കുന്നത്.......(ബഹളം)......

മി. സ്പീക്കർ : പ്ലീസ്................

<u>ശ്രീ. സി. ദിവാകരൻ</u> : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ഞാൻ വാക്കൗട്ട് പ്രസംഗം നടത്തുകയാണ്. അതിനിടയിൽ കുഴപ്പങ്ങളുണ്ടാക്കരുത്. പ്രതിപക്ഷ ത്തുള്ള ആരെങ്കിലും കമ്മിറ്റിയിൽ വന്നാൽ കാര്യങ്ങൾ കുറച്ചുകൂടി സുതാര്യ മാകും. അങ്ങനെ വരാൻ സാദ്ധ്യമല്ലെന്ന് നിങ്ങൾ പറയുന്നതിൽ വേറെ ഉദ്ദേ ശ്യങ്ങളുണ്ടാകും. അതിൽ ഞങ്ങൾക്ക് പരാതിയില്ല. എടുത്തേ പറ്റുവെന്ന വാശി ഞങ്ങൾക്കില്ല. സുതാര്യമായി കാര്യങ്ങൾ കൊണ്ടുപോകണമെങ്കിൽ പ്രതിപക്ഷത്തിന്റെ പ്രതിനിധികളുമായിക്കൂടി കാര്യങ്ങൾ ആലോചിക്കണ മെന്ന് പറയുന്നത് ജനാധിപത്യത്തിന്റെ സാമാന്യ മര്യാദയാണ്. ജനാധിപത്യ ത്തിൽ പ്രതിപക്ഷം ശത്രുക്കളല്ലെന്ന് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ആലോ ചിക്കണം. പ്രതിപക്ഷത്തുള്ളവരും നിങ്ങളെപ്പോലെ കേരളത്തിലെ ജനപ്രതി നിധികൾ തന്നെയാണ്. കമ്മിറ്റിയിൽ ആരെയെങ്കിലും പരിഗണിക്കണമെന്ന് പറഞ്ഞാൽ, ഇഷ്ടമില്ലെന്ന് പറയുന്നത് ശരിയല്ല. ഗവൺമെന്റ് ആരുടെയും പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയല്ല. ജനങ്ങളുടെ ഗവൺമെന്റാണ്. ബഹുമാന പ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കുറച്ചുകൂടി കാര്യമായി പറയണം. ഒരു ജനപ്രതിനിധിയെ ഇഷ്ടമില്ലെന്ന് മറ്റൊരു ജനപ്രതിനിധി നിയമസഭയിൽ പറയുകയാണ്. ഇങ്ങനെയാണ് നിങ്ങൾ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെങ്കിൽ നിർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള കമന്റുകൾ സഭയിൽ പാസ്സാക്കരുത്. ഈ തുറമുഖത്തിന്റെ നേർക്ക് ഒട്ടേറെ അഴിമതി ആരോപണ ങ്ങൾ വന്നിട്ടുണ്ട്, എല്ലാം പുകമറയാണ്. അതുകൊണ്ട് എൽ.ഡി.എഫ്./ യു.ഡി.എഫ്. ഗവൺമെന്റുകളുടെ കാലയളവുമുതൽ ഇതുവരെ നടന്ന കാര്യ ങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഡൽഹിയിൽ ലോകത്താദ്യമായി ഒരാലോചന നടക്കുന്നെന്നും ആ ദിവസം തന്നെ തെരഞ്ഞെടുത്തുവെന്നും അതുകൊണ്ട് വലിയ അട്ടിമറിയാണെന്നും പറയു

ന്നത് എത്ര ലോലവും ദുർബലവുമായ വാദഗതിയാണ്. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു. ടി. തോമസ്: സർ, ഗവൺമെന്റിന്റെ സമീപനത്തിലെ ഒരു പ്രതിഫലനമാണ് മന്ത്രിയുടെ ഇന്നത്തെ മറുപടിയെങ്കിൽ അത് അങ്ങേയറ്റം കഷ്ടമാണ്. നിയമസഭയിൽ സാധാരണ നടപടിക്രമങ്ങളിൽ ചിരിച്ച് ഹൃദ്യമായി ആസ്വദിച്ച് ഇടപെടുന്ന മന്ത്രി എന്താണ് ഈ അടിയന്തിരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ സമചിത്തത കൈവെടിഞ്ഞതെന്ന് മനസ്സിലാകുന്നില്ല. എന്തോ മറയ്ക്കാൻ ശ്രമിക്കുന്നു. അത് മറയ്ക്കാൻ കഴിയാതെ വരുമ്പോഴുള്ള അസഹിഷ്ണുതയാണ് മന്ത്രിയുടെ പ്രസംഗത്തിൽ ആദ്യം ഉണ്ടായത്. ഒരു കാരണവശാലും അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ഒരു എം.എൽ.എ.ക്കെതിരെ മന്ത്രി ആക്ഷേപം ഉന്നയിക്കാൻ പാടില്ല. അത് സഭയുടെ ഒരു കീഴ്വഴക്കമാണ്. പിന്നീട് അദ്ദേഹം ആ ആക്ഷേപം പിൻവലിച്ചതിൽ സന്തോഷം. പക്ഷെ അത് ഉന്നയിച്ചില്ലായിരുന്നെങ്കിൽ പിൻവലിക്കാതിരിക്കാമായിരുന്നു. ഉന്നയിച്ചതുകൊണ്ടല്ലേ പിൻവലിക്കേണ്ടി വന്നത്. അത്തരത്തിലുള്ള സമീപനം പാടില്ല. ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നമെന്താണ്. പരിസ്ഥിതിമന്ത്രാലയത്തിന്റെ അനുമതിക്കുവേണ്ടി സമർപ്പിക്കുമ്പോൾ 80% ലാൻലോർഡ് പ്രോജക്ടും 20% പി.പി.പി. യുമാണ്. അങ്ങനെയാണല്ലോ പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി കിട്ടിയത്. 80% സർക്കാർ മേഖല

യിലും 20% പി.പി.പി.യിലുമെന്ന് പറഞ്ഞ് പരിസ്ഥിതി മന്ത്രാലയത്തിന്റെയും കേന്ദ്രഗവൺമെന്റിന്റെയും അനുമതി വാങ്ങിയതിനുശേഷം നിർവ്വഹണത്തി ലേയ്ക്ക് നീങ്ങിയപ്പോൾ 20% സർക്കാരും 80% പി.പി.പി. യുമെന്ന നിലയി ലേയ്ക്ക് മാറിയെന്നതാണ് ഇവിടത്തെ പ്രശ്നം. ഞാൻ അഴിമതിയാരോപണം എന്ന വാക്ക് പിൻവലിച്ചു. എനിക്കും പിൻവലിക്കാനുള്ള അവകാശമു ണ്ടല്ലോ. അവിടെയാണ് ജനങ്ങൾക്ക് സംശയങ്ങളുണ്ടാകുന്നത്. ആ സംശയങ്ങളുന്നയിക്കുമ്പോഴാണ് മന്ത്രിക്ക് സമചിത്തത കൈവിട്ടുപോകുന്ന ത്. അവിടെയാണ് പ്രശ്നം. ഈ 80 എങ്ങനെ 20 ആയി, 20 എങ്ങനെ 80 ആയി എന്ന ചോദ്യം ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിക്കുമ്പോൾ മന്ത്രിക്ക് അദ്ദേഹത്തിന്റെ സമചിത്തത കൈവിട്ടുപോകുന്നുവെന്നതാണ് ഇവിടത്തെ പ്രശ്നം. ഇതാണ് ജനങ്ങൾക്കുണ്ടാകുന്ന സംശയം. ഇതിന്റെ പേരിലാണ് 30-ാം തീയതി മുതൽ നിരാഹാരം നടക്കുന്നത്. അവരെ വിളിച്ച് സംസാരിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന് മന്ത്രി പറയുന്ന മറുപടി. മുഖ്യമന്ത്രി പലരെയും കാണും അവരോടൊക്കെ സംസാ രിക്കാമെന്ന് പറയാറുണ്ട്. സംസാരിക്കാറില്ലായെന്നാണോ അതിന്റെ അർത്ഥം. എന്തൊക്കെ കാര്യങ്ങൾ ഞങ്ങൾ മുഖ്യമന്ത്രിയുടെ അടുക്കൽ കൊണ്ടുപോ യിട്ടുണ്ട്. നിവേദന സംഘത്തോട് സംസാരിച്ചിട്ടുണ്ട്, ഡേറ്റുവച്ച് സംസാരി ച്ചിട്ടുണ്ട്. പക്ഷെ ഇതെന്തുകൊണ്ട് സംസാരിക്കുന്നില്ല. സംസാരിക്കണ്ടാ യെന്ന് മന്ത്രിയുടെ ഇടപെടലുണ്ടോ. അങ്ങനെ സംസാരിക്കാതിരുന്നതിന്റെ പേരിൽ ഒരു സംഘടനയുടെ ആളുകൾ 5 ദിവസമായി നിരാഹാരസത്യാഗ്ര ഹം അനുഷ്ഠിക്കുകയാണ്. 6-ാം ദിവസത്തിലേയ്ക്ക് കടക്കുകയാണ്. ഗൗര വമല്ലേ പ്രശ്നം. ഒരാശങ്കയുമില്ലായെന്നാണോ മന്ത്രി പറയേണ്ടത്. ഗൗരവ മായി ജനങ്ങളുടെ മുമ്പിലുണ്ടായിരിക്കുന്ന സംശയത്തിന്റെ അടിസ്ഥാന

ത്തിൽ ഈ പദ്ധതി സുതാര്യമായിട്ടല്ല നടക്കുന്നത് എന്ന ആക്ഷേപം ഉയർത്തി ക്കൊണ്ട് അവിടത്തെ ആക്ഷൻ സമിതിയുടെ ആളുകൾ 6 ദിവസമായി നിരാഹാരം നടത്തുമ്പോൾ ഒരാശങ്കയുമില്ല എന്ന തരത്തിൽ ലഘുവായി ട്ടാണോ മന്ത്രി ഈ കാര്യത്തെ സമീപിക്കേണ്ടത്. ഈ പദ്ധതി നടപ്പാക്കുന്ന തിലെ സുതാര്യത നഷ്ടപ്പെട്ടിരിക്കുന്നു. ഗവൺമെന്റിന് എന്തൊക്കെയോ ഒളിച്ചുവയ്ക്കാനുണ്ടെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാൻ വൈമുഖ്യം പ്രകടിപ്പിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി യിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു. ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് യാതൊരുവിധ നടപടിയുമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ നമ്മൾക്കെല്ലാം വ്യക്തമാ യതാണ്. കേന്ദ്ര ഗവൺമെന്റിലും പ്ലാനിംഗ് കമ്മീഷനിലും ആരോ ഒത്തുകളി ക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ പോർട്ട് യാഥാർത്ഥ്യമാക്കാൻ കഴിയാത്ത ത്. ഈ ഗവൺമെന്റിന്റെ കാലത്ത് യാഥാർത്ഥ്യമാക്കാൻ കഴിയില്ല. അതു കൊണ്ട് തന്നെ ഒളിച്ചുകളി നടത്തുന്നു. കേരളത്തിൽ നിന്നും കേന്ദ്രത്തിൽ 8 മന്ത്രിമാരുണ്ട്. ആ 8 മന്ത്രിമാർ വിചാരിച്ചാൽ ഈ വിഴിഞ്ഞം പോർട്ട് യാഥാർത്ഥ്യമാക്കാൻ കഴിയില്ലേ? തൂത്തുക്കുടി പോർട്ടിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം 7,500 കോടി രൂപ വകയിരുത്തിയിരിക്കു ന്നു. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കുറച്ച് പൈസ കൊടുത്തുകഴി ഞ്ഞു. അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവച്ചുകഴിഞ്ഞു.

ഈ പ്രവർത്തനത്തിന്റെ കാര്യത്തിൽ നിഗൂഢത ഇപ്പോഴും നിലനിൽക്കുകയാണ്. അത് മാറ്റാൻ മന്ത്രി ശ്രമിക്കണ്ടേ; മന്ത്രി തെറ്റായ ചില പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ചാനൽ ചർച്ചകൾ വരുമ്പോൾ അദ്ദേഹം വളരെ വിശദമായിട്ടുള്ള കാര്യങ്ങൾ പറയും. നാളെ അല്ലെങ്കിൽ മറ്റെന്നാൾ തുടങ്ങുമെന്നൊക്കെയുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ചാനൽ ചർച്ചകൾ കാണുമ്പോൾ അതിശയിച്ചുപോകും. നാളെത്തന്നെ പണി സ്റ്റാർട്ട് ചെയ്യുമെന്ന തരത്തിലാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനകൾ. എന്താണ് ഇതിന്റെ ആശങ്ക; ഈ ആശങ്ക മാറ്റാൻ ഗവൺമെന്റ് തയ്യാറുണ്ടോ; ആശങ്ക ദുരീകരിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? ഇതിൽ എന്തോ ഒത്തുകളി നടക്കുന്നുണ്ട്. അല്ലെങ്കിൽ പിന്നെ ഇത്തരത്തിൽ വ്യത്യസ്തമായിട്ടുള്ള മറുപടികൾ പറയുന്നതെന്തിനാണ്? അതുകൊണ്ട് 5 ദിവസമായി നടത്തുന്ന നിരാഹാരസമരം അങ്ങ് ബന്ധപ്പെട്ട് തീർക്കണം. ഇത് ജീവന്റെ പ്രശ്നമാണ്. 5 പേർ അവിടെ നിരാഹാരസമരം അനുഷ്ഠിക്കുകയാണ്. അങ്ങ് ഇടപെട്ട് ഇന്നു തന്നെ ഈ പ്രശ്നം തീർക്കണം. അങ്ങ് ഇന്ന് ഡൽഹിയിൽ ചർച്ച നടക്കുന്ന കാര്യം പറഞ്ഞു, ഞങ്ങൾ അതിനെ എതിർക്കുകയല്ല. നല്ലകാര്യമാണ്. തുടങ്ങുന്നെങ്കിൽ തുടങ്ങട്ടെ; ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അങ്ങ് ഇടപെട്ട് ഈ നിരാഹാരസമരം അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. വളരെ പ്രധാനപ്പെട്ട വിഷയം ചർച്ച ചെയ്യാൻ അവസരം നിഷേധിച്ച ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ എ. കെ. ശശീന്ദ്രൻ: സർ, കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം പദ്ധതി. പക്ഷെ പല കാരണങ്ങളാൽ ആ പദ്ധതി അനിശ്ചിതമായി നീണ്ടുപോകുകയാണ്. പലതരത്തിലുള്ള പിൻവാതിൽ സമ്മർദ്ദം ഉണ്ടായിട്ടു ള്ളതുകൊണ്ടാണ് അങ്ങനെ നീണ്ടുപോകാൻ ഇടയാക്കിയിട്ടുള്ളത് എന്ന വ്യാപകമായ പ്രചരണം നമ്മുടെ രാജ്യത്തുണ്ട്. ആ പ്രചരണം അടിസ്ഥാനര ഹിതമാണെന്ന് തെളിയിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണാധികാരി കൾക്കാണ്. അങ്ങനെയൊരു പ്രശ്നമാണ് ഇന്ന് ഇവിടെ അടിയന്തിരപ്രമേയ ത്തിലൂടെ ഉന്നയിക്കാൻ ശ്രമിച്ചത്. എന്നുമാത്രമല്ല വിഴിഞ്ഞം തുറമുഖവു മായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടു കൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ അവിടത്തെ ഒരു ജനകീയ സമിതി നിരാഹാരസമരം അനുഷ്ഠിക്കുമ്പോൾ അവരെയെങ്കിലും വിളിച്ചുകൂട്ടി, അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി സമരത്തിൽ നിന്നും പിന്തിരിപ്പിക്കാ നുള്ള ശ്രമം നടത്തേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനല്ലേ; ആ ഉത്തരവാദി ത്വങ്ങൾ നിർവ്വഹിക്കുന്നതിന് പകരം ദൗർഭാഗ്യകരമായ ഒരു നിലപാട് ബഹു മാനപ്പെട്ട മന്ത്രി സ്വീകരിച്ചതിൽ ഞങ്ങൾക്ക് അതിയായ ദു:ഖമുണ്ട്. അദ്ദേഹം അടിയന്തരപ്രമേയം അവതരിപ്പിച്ച മെമ്പറുടെ നിലപാടുകളെക്കുറിച്ചും അവർ സ്വീകരിച്ച നടപടികളെക്കുറിച്ചും വിമർശിക്കാനാണ് ഈ മറുപടി പ്രസംഗ ത്തിൽ അധികസമയവും വിനിയോഗിച്ചത്. അങ്ങനെയൊരു കീഴ്വഴക്കം നമ്മുടെ സഭയിലില്ലാത്തതാണ്. ബഹുമാനപ്പെട്ട മന്ത്രി അത് മനസ്സിലാക്കാതെ യാണ് പെരുമാറിയിട്ടുള്ളത്. അന്നേരത്തെ ഒരാവേശം കൊണ്ടാണ് എന്നൊക്കെ പറഞ്ഞു, ഇതൊരു കീഴ്വഴക്കമായി മാറാൻ പാടില്ല. കീഴ്വഴക്ക ങ്ങൾ ലംഘിക്കുക, പ്രതിപക്ഷം പറയുന്ന കാര്യങ്ങളോട് അസഹിഷ്ണുത പ്രകടിപ്പിക്കുക, ജനകീയ പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ ജനങ്ങൾക്കുള്ള

സംശയം ദുരീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുക ഇതൊക്കെ അങ്ങേയറ്റം പ്രതിലോമകരമായ നിലപാടാണ്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

(ശ്രദ്ധ ക്ഷണിക്കൽ)